**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4345** **09-08-2021 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) | മലപ്പുറം മണ്ഡലത്തിൽ നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ള വില്ലേജ് ഓഫീസുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്മാർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ വില്ലേജ് ഓഫീസുകളും നവീകരിക്കുന്നതിനും മികച്ച സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | ഓരോ സാമ്പത്തിക വർഷവും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു/ അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകളും വില്ലേജാഫീസിൽ നിന്നും നൽകി വരുന്ന സേവനങ്ങളും സ്മാർട്ടാകുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**മലപ്പുറം മണ്ഡലത്തിൽ നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ള വില്ലേജ് ഓഫീസുകൾ**

| ക്രമ നം. | വില്ലേജ് | പദ്ധതി വർഷം | നിർമ്മാണ പ്രവൃത്തി | പുരോഗതി |
|---|---|---|---|---|
| 1 | പൂക്കോട്ടൂർ | RKI- 2020-21 | സ്മാർട്ട് വില്ലേജ് ഓഫീസ് | നിർമ്മാണം ആരംഭിച്ചു |
| 2 | മലപ്പുറം | പ്ലാൻ സ്കീം 2018-19 | സ്മാർട്ട് വില്ലേജ് ഓഫീസ് | നിർമ്മാണം പുരോഗമിക്കുന്നു. |
| 3 | പന്തല്ലൂർ | പ്ലാൻ സ്കീം 2020-21 | ചുറ്റുമതിൽ, അറ്റകുറ്റപ്പണി | നിർവ്വഹണ ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| 4 | മൊറയൂർ | പ്ലാൻ സ്കീം 2020-21 | അറ്റകുറ്റപ്പണി | നിർവ്വഹണ ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |